കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം,
ട്രാൻസ്പോർട്ട് ഭവൻ, തിരുവനന്തപുരം,

നമ്പർ _814/GL2/2020/RTC. തീയതി : 19-5-2021.

സർക്കുലർ മെമ്മോറാണ്ടം

വിഷയം:- 18-നും 44-നും മദ്ധ്യേ പ്രായമുള്ള കെ.എസ്.ആർ.റ്റി.സി ജീവനക്കാർക്ക് Covid വാക്സിൻ നൽകുന്നത് – യൂണിറ്റ് തലത്തിൽ നടപടികൾ സ്വീകരിക്കുന്നതിന് നോഡൽ ഓഫീസർ, നോഡൽ അസ്സിസ്റ്റന്റ് എന്നിവരെ നിയോഗിച്ച് നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് –

സൂചന:- 19-5-2021 തീയതിയിൽ 11:00 മണിക്ക് ആരോഗ്യ വകുപ്പ് സംഘടിപ്പിച്ച Zoom Meet-ലെ നിർദ്ദേശം.

കെ.എസ്.ആർ.റ്റി.സി ജീവനക്കാരെ Covid വാക്സിൻ അനുവദിക്കുന്നതിനുള്ള മുൻഗണനാ വിഭാഗത്തിൽപ്പെടുത്തി 18-നും 44-നും മദ്ധ്യേ പ്രായമുള്ള ജീവനക്കാർക്ക് വാക്സിൻ നൽകുന്നതിന് സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ അർഹരായ ജീവനക്കാർക്ക് താമസംവിനാ വാക്സിൻ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ മേൽ സൂചന പ്രകാരം നിർദ്ദേശം ലഭ്യമായിരിക്കുന്നു. പ്രസ്തുത നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ യൂണിറ്റ് തലത്തിൽ സ്വീകരിക്കേണ്ട നടപടികൾ ചുവടെ ചേർക്കുന്നു.

1. യൂണിറ്റധികാരി / സൂപ്രണ്ട് (യൂണിറ്റധികാരി ഇല്ലാത്ത യൂണിറ്റുകളിൽ മാത്രം) അതാത് യൂണിറ്റിന്റെ നോഡൽ ഓഫീസർ ആയും നോഡൽ ഓഫീസർ നിശ്ചയിക്കുന്ന കംപ്യൂട്ടർ പ്രാവിണ്യം ഉള്ള ജീവനക്കാർ നോഡൽ അസ്സിസ്റ്റന്റ് ആയും താൽകാലികമായി പ്രവർത്തിക്കേണ്ടതാണ്.

(തുടർച്ച...2)

2. ചീഫ് ഓഫീസിലെ ജീവനക്കാരുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് IT division സൂപ്രണ്ടിനെ ചുമതലപ്പെടുത്തുന്നു. ആവശ്യമുള്ള നോഡൽ അസ്സിസ്റ്റന്റുമാരെ ടിയാന് നിശ്ചയിക്കാവുന്നതാണ് (മൂന്നാം നിർദ്ദേശപ്രകാരം).

3. ഒരു നോഡൽ അസ്സിസ്റ്റന്റിന് പരമാവധി 50 ജീവനക്കാരെ മാത്രം നിശ്ചയിച്ച് നൽകണം. ടി 50 പേരുടെ വിവരങ്ങൾ കോവിഡ് വാക്സിൻ ലഭ്യമാകുന്നതിനുള്ള സർക്കാർ പോർട്ടലിൽ (http://localhost/vaccine_web/) upload ചെയ്യുക, വാക്സിൻ ലഭ്യമാകുന്ന ജീവനക്കാരുടെ വിവരം ശേഖരിക്കുക മുതലായവയാണ് ടിയാളുകളുടെ ജോലിയും ഉത്തരവാദിത്വവും. ഇത്തരത്തിൽ ആവശ്യമുള്ള നോഡൽ അസ്സിസ്റ്റുമാരെ നിയോഗിക്കാവുന്നതാണ്.

4. വാക്സിൻ ലഭ്യമാകുന്നതിന് രജിസ്റ്റർ ചെയ്യേണ്ടുന്ന User Manual ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. നിലവിൽ കോവിഡ് പോസിറ്റീവ് ആയ ജീവനക്കാർ നെഗറ്റീവ് ആയി 6 ആഴ്ചകൾക്കുശേഷം മാത്രം പേരു ചേർത്താൽ മതിയാകും.

5. ആദ്യ ഡോസ് വേണ്ടുന്ന ജീവനക്കാരുടെ വിവരം മാത്രമെ ഇപ്രകാരം രേഖപ്പെടുത്തേണ്ടതുള്ളൂ. ആദ്യ ഡോസ് സ്വീകരിച്ച് രണ്ടാം ഡോസിനായി കാത്തിരിക്കുന്നവരുടെ വിവരങ്ങൾ ടി പോർട്ടലിൽ രേഖപ്പെടുത്തരുത്.

6. 20-5-2021 രാവിലെ 09:00 മണി മുതൽ ടി പോർട്ടൽ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് തുറക്കപ്പെടും. ഇതുമായി ബന്ധപ്പെട്ട ആരോഗ്യവകുപ്പിന്റെ നിർദ്ദേശങ്ങൾ (ഇ-മെയിൽ മുഖാന്തിരവും, social media വഴിയും ലഭ്യമാകുന്നവ) പരിശോധിച്ച് നടപടികൾ സ്വീകരിക്കേണ്ടതാണ്.

7. കണ്ടക്ടർ, ഡ്രൈവർ, മെക്കാനിക്കൽ, മിനിസ്റ്റീരിയൽ എന്ന മുൻഗണന ക്രമത്തിൽ വാക്സിൻ ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

(തുടർച്ച...3)

8. User Manual പ്രകാരം ജീവനക്കാരുടെ വിവരങ്ങൾ എത്രയും വേഗത്തിൽ ടി പോർട്ടലിൽ രേഖപ്പെടുത്തേണ്ടതും ജീവനക്കാർക്ക് വാക്സിൻ ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും വാക്സിൻ ലഭ്യമായ ജീവനക്കാരുടെ വിവരങ്ങൾ ചീഫ് ഓഫീസിലെ ജനറൽ വിഭാഗത്തിൽ നിർദ്ദേശാനുസരണം ലഭ്യമാക്കുന്ന തിനുമുള്ള നടപടികൾ നോഡൽ ഓഫീസർമാർ സ്വീകരിക്കേണ്ടതാണ്.

9. മേൽ പരാമർശിച്ച നടപടികളുടെ വിവരം ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്ന Google sheet-ൽ ദിനംപ്രതി update ചെയ്യുന്ന എന്നത് ബന്ധപ്പെട്ട നോഡൽ ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതാണ്.

10. ലോക്ക് ഡൗൺ-ന്റെ സാഹചര്യത്തിൽ മേൽ പരാമർശിച്ച നടപടികൾക്ക് നിയോഗിക്കപ്പെടുന്ന ജീവനക്കാർക്ക് യൂണിറ്റുകളിൽ എത്തിച്ചേരുന്നതിന് ആവശ്യമായ ഡ്യൂട്ടി സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ട യൂണിറ്റ് അധികാരികൾ അനുവദിച്ച് നൽകേണ്ടതാണ്.

എക്സിക്യൂട്ടീവ് ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ)
ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർക്കുവേണ്ടി

സ്വീകർത്താവ്
ബന്ധപ്പെട്ട ഓഫീസർമാർക്ക്.

പകർപ്പ്:- എല്ലാ മേഖലാ / യൂണിറ്റ് / വർക്ക്ഷോപ്പ് അധികാരികൾക്കും,
ചീഫ് ഓഫീസിലെ എല്ലാ ഓഫീസർമാർക്കും, വിഭാഗങ്ങൾക്കും,
ഫയൽ / കരുതൽ ഫയൽ.

.asm/~